**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3737** **09-10-2025 - ൽ മറുപടിയ്ക്ക്**

**പൂജപ്പുര എൽ. ബി. എസ്. വനിത എൻജിനീയറിങ് കോളേജിൽ ഗസ്റ്റ് അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പൂജപ്പുര എൽ. ബി. എസ്. വനിത എൻജിനീയറിങ് കോളേജിൽ മാത്തമാറ്റിക്സ്, ഫിസിക്സ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിനുവേണ്ടി ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ലിസ്റ്റിൽ ഉൾപ്പെടാത്ത വിരമിച്ച അദ്ധ്യാപകരെ നിയമിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് അപ്രകാരം നിയമനം നടത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | പൂജപ്പുര എൽ.ബി.എസ് വനിത എൻജിനീയറിങ് കോളേജിൽ മാത്തമാറ്റിക്സ്, ഫിസിക്സ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിന് ഇന്റർവ്യൂ നടത്തി ഓരോ വിഷയത്തിലും ഒരാളെ വീതം ഗസ്റ്റ് അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്. ഗസ്റ്റ് അദ്ധ്യാപകരായി വിരമിച്ച അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. എൻ.ബി.എ അക്രെഡിറ്റേഷന് ഉപയോഗം വരുന്ന രീതിയിൽ Adjunct വിഭാഗത്തിലാണ് വിരമിച്ച അദ്ധ്യാപകരെ നിയോഗിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത നിയമനങ്ങൾ റദ്ദാക്കി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; നിയമവിരുദ്ധമായി ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പൂജപ്പുര എൽ.ബി.എസ് വനിത എൻജിനീയറിങ് കോളേജിൽ മാത്തമാറ്റിക്സ്, ഫിസിക്സ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിന് ഇന്റർവ്യൂ നടത്തി ഓരോ വിഷയത്തിലും ഒരാളെ വീതം ഗസ്റ്റ് അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്. ഗസ്റ്റ് അദ്ധ്യാപകരായി വിരമിച്ച അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. എൻ.ബി.എ അക്രെഡിറ്റേഷന് ഉപയോഗം വരുന്ന രീതിയിൽ Adjunct വിഭാഗത്തിലാണ് വിരമിച്ച അദ്ധ്യാപകരെ നിയോഗിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ